ശ്രീ. കെ. ടി. അച്യുതൻ : ദിവസക്കൂലിക്കാരനെന്നു പറഞ്ഞതു് ഒരുമാതിരി താഴ്ത്തിപ്പറഞ്ഞതാണെന്നു തോന്നുന്നു. അതിൽ താഴ്മയ്ക്കൊന്നും അവകാശമില്ല. ദിവസവും ജോലി ചെയ്തു ഒരു മാസമാകുമ്പോൾ കണക്കാക്കുന്നതാണു്. അവർക്കു് സമ്മതമുണ്ടെങ്കിൽ അതിനു വിരോധമില്ല. ഇല്ലെങ്കിൽ എക്സ്ചേഞ്ചിൽ നിന്നും സാമാന്യമായി ഷെഡ്യൂൾവച്ചു് ആ നമ്പർ പ്രകാരം വിളിച്ചു ചെയ്യിക്കുന്നതാണു്.

ശ്രീ. കെ. ആർ. വിജയൻ : ഈ ഡിപ്പാർട്ടുമെൻറിൽതന്നെ സ്ഥിരമായി ജോലി നോക്കുന്നവർക്കു് മറ്റു ഡിപ്പാർട്ടുമെൻറിലേയ്ക്കു് പോകുവാനുള്ള അനുവാദം നൽകാതിരിക്കുന്നതു എന്തുകൊണ്ടാണു് ?

ശ്രീ. കെ. ടി. അച്യുതൻ : അതു ബുദ്ധിമുട്ടുള്ള കാര്യമാണു്. മറ്റു ഡിപ്പാർട്ടുമെൻറിലുള്ളവരുടെ പ്രമോഷനെ അതു് സാരമായി ബാധിക്കും. അവർക്കു് ഇവിടെ തുടരുന്നതിനു സമ്മതമില്ലെങ്കിൽ സ്വതന്ത്രനിലയിൽ വേറെ ജോലിനോക്കുന്നതിനു വിരോധമില്ല.

ഭാഷാദ്ധ്യാപകന്മാർ

* 478. [13] ശ്രീ. എം. നാരായണക്കുറുപ്പു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) പ്രൈമറി സ്കൂളിലെ ഭാഷാദ്ധ്യാപകന്മാർക്കു് ആവശ്യമായ സാധാരണ വിദ്യാഭ്യാസയോഗ്യതയും പ്രത്യേക യോഗ്യതയുംഎന്തെല്ലാമാണു്;

(ബി) എസ്സു്. എസ്സു്. എൽ. സി. യോഗ്യത ഏതു ഭാഷാദ്ധ്യാപകർക്കെല്ലാം നിർബന്ധമാണു് ;

(സി) പൊതു വിദ്യാഭ്യാസ യോഗ്യതയുടെ കാര്യത്തിൽ വിവേചനമുണ്ടെങ്കിൽ അതിൻെറ അടിസ്ഥാനമെന്തു് ;

(ഡി) ഏകീകൃതമായ യോഗ്യത നിശ്ചയിക്കാൻ നടപടികളെടുക്കുമോ

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) മലയാളം, തമിഴു്, കർണ്ണാടകം, സംസ്കൃതം—വിദ്വാൻ ടൈറ്റിലോ മറ്റു അംഗീകരിക്കപ്പെട്ടിട്ടുള്ള സർട്ടിഫിക്കറോ. അറബി—ഹയർ അറബിക് ടെസ്റ്റോ വിദ്വാൻ പ്രിലിമിനറിയോ അല്ലെങ്കിൽ കൊച്ചി അറബി മുൻഷി പരീക്ഷയും ഏഴാംതരം സർട്ടിഫിക്കറും. ഹിന്ദി—വിശാരദ്, എസ്സു്. എസ്സു്. എൽ. സി. യും.

(ബി) ഹിന്ദി ഭാഷാദ്ധ്യാപകന്മാർക്കു്.

(സി) ഹിന്ദി ഒരു പ്രാദേശിക ഭാഷയല്ലാത്തതുകാരണം ആ ഭാഷ പഠിപ്പിക്കുന്നതിനു് മാതൃഭാഷാപരിജ്ഞാനം ആവശ്യമായതുകൊണ്ടു്.

(ഡി) 'സി'യുടെ ഉത്തരത്തിൻെറ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പു് : ഹിന്ദിക്കാർക്കു് മാത്രം മറ്റുള്ള വരേക്കാൾ കൂടുതൽ യോഗ്യത, അതായതു് എസ്സു്. എസ്സു. എൽ. സി. കൂടി ബാധകമാക്കിയിരിക്കുന്നതുകൊണ്ടു് അവർക്കു് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ടു്. അതുകൊണ്ടു് ഭാഷാദ്ധ്യാപകന്മാരുടെ യോഗ്യതകളെല്ലാംതന്നെ ഏകീകരിക്കാൻ വേണ്ട ഏർപ്പാടുകൾ ഗവണ്മെൻറിൽനിന്നും ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ഭാഷാദ്ധ്യാപകന്മാരുടെ യോഗ്യതകളെല്ലാം ഏകീകരിച്ചാൽ കൊള്ളാമെന്നുണ്ടു്. അങ്ങനെ ഏകീകരിക്കുമ്പോൾ എല്ലാ ഭാഷാദ്ധ്യാപകന്മാർക്കും എസ്സു്. എസ്സു്. എൽ. സി. ബാധകമാക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ: മലയാളപണ്ഡിതന്മാക്ക് മലയാളം വിദ്വാൻ പാസ്സായാൽ അതു് പരീക്ഷാ യോഗ്യതയായിട്ട കണക്കാക്കുമെന്നു പറഞ്ഞു. എന്നാൽ പതിനാറുകൊല്ലം സംസ്കൃതം പഠിച്ചിട്ടുള്ളവരും, സ്വയം ഫൈനൽ പാസായിട്ടുള്ളവരും മലയാളം അറിയാവുന്നവരുമായ സംസ്കൃതവിദ്വാൻ അല്ലെങ്കിൽ ശിരോമണി ഇവരെ ഭാഷാദ്ധ്യാപകന്മാരായിട്ട കണക്കാക്കുമോ ?

ശ്രീ. ആർ. ശങ്കർ : സംസ്കൃതപണ്ഡിതന്മാരിൽ പലക്കും മലയാളഭാഷയിൽ പ്രാവീണ്യം ഉണ്ടായിരിക്കുമെന്നുള്ളതു് ശരിയാണു്. എന്നാൽ സിലബസ് പരിശോധിച്ചുനോക്കിയതിൽ മലയാളത്തിൽ വേറെ എന്തെങ്കിലും വിഷയംകൂടി ഉൾപ്പെടുത്തിയിട്ടില്ലാത്തതുകൊണ്ടു് അതംഗീകരിക്കാൻ വിഷമമാണെന്നു കണ്ടു.

പ്രീ—പ്രൈമറി വിദ്യാഭ്യാസം

* 479. [14] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പ്രീ-പ്രൈമറി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനു് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാം ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) : പ്രീ-പ്രൈമറി വിദ്യാഭ്യാസം വികസിപ്പിക്കുന്നതിനു് താഴെപ്പറയുന്ന മൂന്നു പദ്ധതികളും സ്വീകരിച്ചിട്ടുണ്ടു്.

(1) ഡിപ്പാർട്ടുമെൻറൽ മോഡൽ നഴ്സറി സ്കൂളുകളും സ്ഥാപിക്കുക.

(2) ഡിപ്പാർട്ടുമെൻറൽ ടെയിനിംഗ് നഴ്സറി സ്കൂളുകളും സ്ഥാപിക്കുക.

(3) പ്രൈവറ്റു നഴ്സറി സ്കൂളുകൾക്കു് റക്കഗ്നിഷനും ഗ്രാൻറും നൽകുക.

ഈ പദ്ധതികളും അനുസരിച്ചു ഇതുവരെ ഇരുപത്തിമൂന്നു ഡിപ്പാർട്ടുമെൻറൽ മോഡൽ നഴ്സറി സ്കൂളുകളും, മൂന്നു് ഡിപ്പാർട്ടുമെൻറൽ നഴ്സറി സ്കൂളുകളും സ്ഥാപിച്ചിട്ടുണ്ടു്. കൂടാതെ എൺപത്തിയൊൻപതു് പ്രൈവറ്റു നഴ്സറി സ്കൂളുകൾക്കും, എട്ടു് യൂണിറ്റുകൾക്കും ഗ്രാൻറു നൽകുന്നുണ്ടു്.

ശ്രീ. എം. സി. ഏബ്രഹാം : പ്രൈവറ്റു സ്കൂളുകൾക്കു് ഗ്രാൻറു നൽകുന്നതിൽ നിശ്ചയിച്ചിട്ടുള്ള വ്യവസ്ഥകളെന്തെല്ലാമാണു്; ഒരു സ്കൂളിനു് എത്രമാത്രം സ്ഥലം ഉണ്ടായിരിക്കണമെന്നു് വ്യവസ്ഥ ചെയ്തിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : പ്രത്യേകം ചോദ്യം ചോദിക്കാതെ വ്യക്തമായി പറയാൻ നിവൃത്തിയില്ല. എങ്കിലും എൻറെ അറിവിലുള്ള സംഗതി പറയാം. കുറഞ്ഞതു് അൻപതു് സെൻറു സ്ഥലവും കുട്ടികൾക്കു് കളിക്കാനുള്ള സൗകര്യവും വേണമെന്നുണ്ടു്.

ശ്രീ. എൻ. എസ്. കൃഷ്ണപിള്ള : ഇന്നു് വളരെയധികം കുട്ടികൾ കുടിപ്പള്ളിക്കൂടങ്ങളിൽ പോകുന്നുണ്ടു്. അത്തരത്തിലുള്ള കുടിപ്പള്ളിക്കൂടങ്ങൾക്കു് എന്തെങ്കിലും ഗ്രാൻറു് ഗവണ്മെൻറിൽനിന്നും കൊടുക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

ശ്രീ. ആർ. ശങ്കർ : കുടിപ്പള്ളിക്കൂടങ്ങളെ ആ നിലയിൽ അഭിവൃദ്ധിപ്പെടുത്തണമെന്നു് വിചാരിക്കുന്നില്ല.

ശ്രീ. എൻ. ഗോപാലക്കുറുപ്പു് : ഇന്നു് നമ്മുടെ സ്റ്റേറ്റിലുള്ള കുടിപ്പള്ളിക്കൂടങ്ങളിലെ ആശാന്മാക്കു് പുതിയതായി വല്ല പരിശീലനവും കൊടുക്കുന്നതിനുള്ള ഏർപ്പാടു ചെയ്യുമോ ?

LIBRARY ARCHIVES Kerala Legislative Assembly